അന്വേഷിച്ചാണ് പോലീസ് അവിടെ പോയത്. ഈ ബേബി താമസിക്കുന്നത് ശശിയുടെ വീട്ടിലായിരുന്നു. അവിടെ ആരോ ഉണ്ടെന്നുള്ള വിവരം കിട്ടിയതിനെ തുടർന്നാണ് പോലീസ് അവിടെ ചെന്നത്. പോലീസ് അവിടെ ചെന്ന് ശശിയെ വിളിച്ചുനോക്കിയപ്പോൾ വാതിൽ തുറന്ന് ബേബിയാണു വന്നത്. ഐഡന്റിഫൈ ചെയ്യാൻ സാധിക്കാത്തതുകൊണ്ട് സംഭവിച്ചതായിരിക്കാം. ബേബിയെ ശശിയെന്നു കരുതിയായിരിക്കാം പോലീസ് പിന്നിൽക്കൂടി കടന്ന് വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകടന്ന് ബേബിയെ അറസ്റ്റുചെയ്യുകയുണ്ടായിട്ടുള്ളത്. അറസ്റ്റുചെയ്തത് കൊണ്ടുവന്നപ്പോൾ സ്വാഭാവികമായിട്ടും ശരിയല്ലെന്നുള്ള വിവരം നാട്ടുകാരിൽനിന്നും അറിയാൻ സാധിച്ചു. നാട്ടുകാർ തടഞ്ഞു. നാട്ടുകാരും പോലീസുമായിട്ടൽപ്പം സംഘട്ടനമുണ്ടായി. എന്തായാലും ശരി ഇക്കാര്യത്തിൽ പ്രതിയെ പിടിക്കാനുള്ള ആത്മാർത്ഥമായ ഒരു പ്രയത്നം നടത്തുന്നതിന്റെ ഭാഗമാണെങ്കിൽപ്പോലും പോലീസിന്റെ ഈ നടപടി ശരിയായിരുന്നില്ല. അതുകൊണ്ട് അതിനുത്തരവാദികളായവരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കാൻവേണ്ട നിർദ്ദേശം കൊടുത്തുകഴിഞ്ഞു.

(5) കുന്നമംഗലം സബ് താലൂക്ക്

ശ്രീ. കെ. പി. രാമൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഒരു സബ് താലൂക്ക് മാത്രമാണുള്ളത്. അത് കുന്നമംഗലം സബ് താലൂക്കാണ്. ബ്രിട്ടീഷ് ഭരണകാലം മുതൽ ഒരു സബ് താലൂക്കായി പ്രവർത്തിക്കുകയാണത്: ഇവിടെ ഒരു ഡെപ്യൂട്ടി തഹശീൽദാരുടെ ആഫീസും ഒരു സെക്കൻറ് ക്ലാസ് മജിസ്ട്രേട്ട് കോടതിയുമുണ്ട്. ജനസംഖ്യ, ലിസ്തീർണ്ണം, ദേരണ സൗകര്യം ഇത്തരം കാര്യങ്ങളും പരിഗണിക്കുമ്പോൾ എന്നേ ഈ സബ് താലൂക്ക് ഒരു താലൂക്കായി മാറേണ്ടതായിരുന്നു. ഇതിനുവേണ്ടി നിരവധി നിവേദനങ്ങളും പ്രക്ഷോഭണങ്ങളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ കാലത്ത് ഗവൺമെൻറ് ഭാഗത്തുനിന്നും ഇതൊരു താലൂക്കായി ഉയർത്തുന്നതിനുള്ള നീക്കങ്ങളും ആരംഭിച്ചിരുന്നു. ഇതിനുവേണ്ടി മുക്കത്ത് സൗകര്യപ്രദമായ ഒരു കെട്ടിടവും അതിനോടനുബന്ധിച്ചുള്ള ഫർണിച്ചറും വാടക കൂടാതെ നൽകുന്നതിനുവേണ്ടി നാട്ടുകാർ തയ്യാറായി. ഇനിയും ഈ പ്രശ്നം നിയമസഭയിൽ ഉന്നയിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കാതെ എത്രയുംവേഗം ഈ സബ് താലൂക്ക് ഒരു താലൂക്കായി ഉയർത്തുന്നതിനുവേണ്ടി ഗവൺമെൻറ് സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അതുപോലെ 43 താലൂക്കുകളുടെ ഡിമാൻറുകളും വന്നിട്ടുണ്ട്. ഈ സഭയിൽത്തന്നെ ഏതാനും താലൂക്കുകൾക്കുവേണ്ടി സബ്മിഷൻ വന്നുകഴിഞ്ഞു. പ്രത്യേകമായി ഒരു മറുപടി പറയാനായിട്ടില്ല. ഈ വിഷയം മൊത്തത്തിൽ ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(6) വനഭൂമി തട്ടിയെടുക്കുന്നതിന് കള്ളപ്രമാണം ചമയ്ക്കൽ

ശ്രീ. ടി. എസ്. ജോൺ : സർ, പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി, റാന്നി താലൂക്കിൽ 1500-ൽപ്പരം ഏക്കർ വലിയകാവ് ഫോറസ്റ്റ് ഉണ്ട്. പ്രസ്തുത ഫോറസ്റ്റിന്റെ നാലുവശവും ജണ്ടയിട്ട് വളരെ കാര്യമായി ഗവൺമെൻറ് സംരക്ഷിച്ചുവരുന്ന ഒരു ഫോറസ്റ്റാണ്. അവിടെ മരമില്ലാത്ത സ്ഥലത്ത് വളരെ ഭംഗിയായി ആധുനികരീതിയിൽ മരം വച്ചു പിടിപ്പിച്ചു വരുന്നുണ്ട്. അടുത്ത കാലത്തായി കൃഷ്ണൻനായർ എന്നു പറയുന്ന ഒരു വിരുതൻ

LIBRARY ARCHIVES Kerala Legislative Assembly

വെണ്ണിക്കുളം സബ് രജിസ്ട്രാർ കച്ചേരിയിൽച്ചെന്ന് ഈ വസ്തു പലർക്കായി എഴുതിക്കൊടുത്തു. കോട്ടയം, ആലപ്പുഴ ജില്ലയിലുള്ള പലർക്കുമായിട്ട് എഴുതി വിറ്റുകൊണ്ടിരിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്. 10 ഏക്കറിന് വില വച്ചിരിക്കുന്നത് 2,50,000 രൂപയാണ്. വെണ്ണിക്കുളം സബ് രജിസ്ട്രാറാണ് ഇത് രജിസ്റ്റർ ചെയ്ത് കൊടുത്തത്. രാത്രി കാലങ്ങളിലും രജിസ്റ്റർ ചെയ്തു കൊടുത്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. ആ പ്രദേശത്ത് ഒരു സെന്റ് വസ്തുവിന് ആയിരം രൂപ മുതൽ പതിനയ്യായിരം രൂപവരെ വിലയുണ്ട്. ആധാരത്തിൽ വില കുറച്ചുവച്ചാൽ അത് രജിസ്റ്റർ ചെയ്യുന്നതല്ലെന്ന് ആ രജിസ്റ്റർ കച്ചേരിയുടെ മുകളിൽ എഴുതിവച്ചിട്ടുണ്ട്. അങ്ങനെ വലിയൊരു തട്ടിപ്പ് ഇപ്പോഴും നടന്നുവരുന്നു. ഈ തട്ടിപ്പുകാരനായിട്ടുള്ള മി. കൃഷ്ണൻനായർ എന്നു പറയുന്നയാളിനെ ജനങ്ങളെല്ലാംകൂടിച്ചേർന്ന് പോലീസ്സ്റ്റേഷനിൽ എത്തിച്ചു. പക്ഷെ പോലീസ് അയാളെ വിട്ടുകളഞ്ഞുവെന്നാണ് അറിയാൻ കഴിഞ്ഞത്. ചീറ്റിംഗിനും ഈ കൃഷ്ണൻനായർക്കെതിരെയും അതിനു സഹായിച്ച സബ് രജിസ്റ്റർക്കെതിരെയും കേസ് എടുക്കാൻ ഈ രാജ്യത്ത് നിയമമുണ്ട്. അങ്ങനെ കേസ് എടുക്കുകയും അത് രജിസ്റ്റർ ചെയ്തുകൊടുത്ത സബ് രജിസ്ട്രാർക്കെതിരെ നിയമാനുസൃതം വേണ്ട നടപടികളും സ്വീകരിക്കുകയും ചെയ്യണം. ഈ ഡോക്യുമെന്റ്സ് മുഴുവൻ ഇവാലിഡാൻക്കുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഈ സ്ഥലത്തെ കള്ളപ്രമാണങ്ങളും രജിസ്റ്റർ ചെയ്യുന്നത് ഇത് ആദ്യത്തെ നടപടിയല്ല. എനിക്ക് അറിയാൻ കഴിഞ്ഞത് ഏതാണ്ട്, 78, 79, 80, 81 കാലത്ത് പത്ത്, നൂറൻപതോളം രജിസ്ട്രേഷൻ നടന്നിട്ടുണ്ട് എന്നാണ് ഔദ്യോഗികമായിട്ടുള്ള കണക്കല്ല—അതിനുശേഷവും രജിസ്ട്രേഷൻ നടന്നിട്ടുണ്ട്. വലിയകാവ് പ്രദേശം ഉൾപ്പെടെയുള്ള ഏഴായിരത്തോളം ഏക്കർ സ്ഥലം 1907 മുതൽ ഗവൺമെന്റിന്റെ കൈയിലാണ്. റിസർവുവനമായി കാത്തുസൂക്ഷിക്കുന്ന സ്ഥലമാണ്. കാലാകാലങ്ങളിൽ അവിടെ സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്, മോശപ്പെട്ട സ്ഥലങ്ങളിലെല്ലാം പുതിയ പ്ലാന്റേഷനുമുണ്ടാക്കുന്നുണ്ട്. 1985-ൽ അവിടെ ജണ്ടയിട്ട് ഭദ്രമാക്കി ഇപ്പോൾ ഗവൺമെന്റിന്റെ കൈയിൽ സുരക്ഷിതമായിട്ട് നിൽക്കുകയാണ്. കള്ളപ്രമാണം അവിടെ നടന്നിട്ടുണ്ട്. ആ പ്രമാണത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാനും, അതിൽ അപാകതയുണ്ടോയെന്ന് കണ്ടുപിടിക്കാനും അപാകതകളെന്നു പറഞ്ഞാൽ ഒരു പോയിന്റ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പൂഞ്ഞിക്കാണിച്ചു, പത്രങ്ങളിലും വന്നിട്ടുണ്ട്, വില കുറച്ച് രജിസ്റ്റർ ചെയ്തു എന്നുള്ളത്, അത് ഉൾപ്പെടെയുള്ള കാര്യങ്ങളും നമ്മുടെ രജിസ്ട്രേഷൻ ഡയറക്ടർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ ഫലപ്രദമായ നടപടികളും സ്വീകരിക്കുന്നതാണ്. ഈ സംഭവം സംബന്ധിച്ച് 1952 മുതൽ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. കേരളാ ഹൈക്കോടതിയിൽ അവസാനമായി ഒരു കേസ് ഇപ്പോൾ ഗവൺമെന്റ് ഫയൽ ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് കോടതിയിൽ അവർ കൊടുത്ത കേസ് അവർക്കനുകൂലമായതിനെത്തുടർന്ന് ഹൈക്കോടതിയിൽ ഗവൺമെന്റ് അപ്പീൽ ആയിട്ടാണ് പോയിട്ടുള്ളത്. ആ കേസ്സ് കാര്യമായി നടക്കുന്നുണ്ട്. ഈ പ്രമാണങ്ങൾ മുഖേന ഗവൺമെന്റിന് സ്ഥലം നഷ്ടപ്പെട്ടിട്ടില്ല, ഒന്നും നഷ്ടപ്പെടാൻ അനുവദിക്കുന്നതുമല്ല. എല്ലാം ഗവൺമെന്റിന്റെ കൈയിൽ ഭദ്രമാണ്. രജിസ്ട്രേഷൻ നടന്നത് സംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു എന്ന് ഞാൻ പറഞ്ഞു. അത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നാലോചിക്കാം. അതുപോലെ രജിസ്ട്രേഷൻ നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

കൃഷ്ണൻ നായരെപ്പറ്റിയും ഈ സംഭവവുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും എല്ലാം വിശദമായി അന്വേഷിച്ച് നിയമാനുസൃതമായി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെൻറ് ചെയ്യുന്നതാണ് ; എന്നറിയിക്കുന്നു.

(7) മലക്കപ്പാറ എസ്റ്റേറ്റിലെ തൊഴിലാളിയെ മർദ്ദിച്ച സംഭവം

ശ്രീ. വി.കെ. രാജൻ : സർ, മലക്കപ്പാറയിലെ ഒരു തൊഴിലാളിയായ രാമസ്വാമിയെന്നയാളെ ഈ കഴിഞ്ഞ 18-ാം തീയതി ഏഴ് മണി സമയത്ത് ഭാര്യ സമേതം കടയിലേക്ക് വരുന്ന അവസരത്തിൽ മദ്യപിച്ച് ലക്കില്ലാതെ അതു വഴിവന്ന കോടനാട് റേഞ്ചിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരായ ജോർജ്ജ്, ചന്ദ്രശേഖരൻ, കർത്താ, കെ. ജെ. ജോർജ്ജ് എന്നിവർ ചേർന്ന് ജനങ്ങളെ നോക്കി നിൽക്കെ നടുറോഡിൽ ഇട്ട് അതിക്രൂരമായി മർദ്ദിച്ചു. മർദ്ദനത്തിന്റെ ഫലമായി ബോധരഹിതനായി വീണ രാമസ്വാമിയെ മർദ്ദകർ ചേർന്ന് തൂക്കിയെടുത്ത് അകലെയുള്ള കൊക്കയിലിട്ടു, ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ തയ്യാറായില്ല. അതിനെത്തുടർന്ന് അവിടത്തെ നാട്ടുകാരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമെല്ലാം കൂടി ചേർന്ന് ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിലാക്കിയിട്ടും ആദ്യം പോലീസ് തിരിഞ്ഞുനോക്കിയില്ല. അവസാനം ടാറാമാനേജർ പോലീസ് സ്റ്റേഷനിൽ ചെന്ന് പറഞ്ഞതനുസരിച്ചാണ് പോലീസ് വന്നത്. ഇക്കാര്യത്തിൽ പോലീസ് തികഞ്ഞ അനാസ്ഥയാണ് കാണിച്ചത്. ശങ്കരൻ കുട്ടിയെന്നുപറയുന്ന ഒരു ഹെഡ് കോൺസ്റ്റബിളാണ് അതിക്രൂരമായ മർദ്ദനങ്ങൾക്ക്. നേതൃത്വം കൊടുക്കുന്നത്. പണിഷ്മെൻറ് ട്രാൻസ്ഫറായി വരുന്ന ആളുകളാണ് മലക്കപ്പാറ പോലീസ് സ്റ്റേഷനിലുള്ളത്. തമിഴ്നാടിന്റെ അതിർത്തിയിലുള്ള ഒരു പോലീസ് സ്റ്റേഷനാണ് ഇത്. അവിടം പണിഷ്മെൻറ് ട്രാസ്ഫറായി വരുന്ന ആളുകളുടെ ഒരു താവളമാണ്. അവിടത്തെ സബ് ഇൻസ്പെക്ടർ സദാ സമയവും കുടിക്കുന്ന ഒരാളാണ്. അവർക്ക് എങ്ങനെയെങ്കിലും അവിടെ നിന്ന് സ്ഥലം മാറി പോകണമെന്നാണ് ആഗ്രഹം. ഈ കാര്യത്തിൽ കാര്യക്ഷമമായി അന്വേഷണം നടത്തി അതോടൊപ്പം തന്നെ ഈ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ തക്കതായ നടപടികളും സ്വീകരിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്. ശങ്കരൻ കുട്ടിയെ സസ്പെൻറ് ചെയ്യാനുള്ള നടപടികളും കൈക്കൊള്ളണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇടമലയാർ വനംവകുപ്പിലെ ഗാർഡുമാരായ ചന്ദ്രശേഖരൻ തുടങ്ങിയവർ സാധാരണ നിലയിൽ ഡ്യൂട്ടി നോക്കുകയായിരുന്നു. അങ്ങനെ ഡ്യൂട്ടി നോക്കുന്ന അവസരത്തിൽ രാമസ്വാമി എന്നൊരാളെ കാട്ടിൽ നിന്ന് വിറക് വെട്ടിക്കൊണ്ടുപോകുന്നത് കണ്ടു. ഇവർ അദ്ദേഹത്തെ പിടികൂടാൻ ശ്രമിച്ചു. അദ്ദേഹം വിറക് ഇട്ടിട്ട് ഓടിക്കളയുകയാണ് ചെയ്തത്. അതേത്തുടർന്ന് അവിടെയുണ്ടായിരുന്ന ഒരു ഇസ്മയിലിന്റെ നേതൃത്വത്തിൽ ഏതാനും ആളുകളും അവരുടെ നേരെ കൈയേറ്റം നടത്തുകയും അവരെ തടഞ്ഞുവച്ച് മർദ്ദിക്കുകയും രാത്രി 8.30 മണി മുതൽ പിറ്റേദിവസം കാലത്ത് 8 മണിവരെ അവരെ തടഞ്ഞുവയ്ക്കുകയും ചെയ്തു. ആ വിവരമറിഞ്ഞ് മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസ് പാർട്ടി വന്ന് അവരെ വിടുവിക്കുകയാണ് ചെയ്തത്. ഇതേത്തുടർന്ന് രാമസ്വാമിയുടെ ഭാര്യ, ഫോറസ്റ്റുകാർ മർദ്ദിച്ചു എന്നുപറഞ്ഞ് നൽകിയ പരാതിയെത്തുടർന്ന് ഫോറസ്റ്റുകാരുടെ പേരിലും ഫോറസ്റ്റുകാരെ ഈ ആളുകളും മർദ്ദിച്ചു എന്നതിന്റെ പേരിൽ പത്ത്, അൻപതോളം നാട്ടുകാരുടെ പേരിലും കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഏതായാലും അതേക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly